# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5065 04.07.2012 -ൽ മറുപടിയ്ക്ക്**

**ചന്ദ്രശേഖരന് പോലീസ് സംരക്ഷണം നൽകുന്നതിൽ പാളിച്ച**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ജെയിംസ് മാത്യൂ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) 21.03.2012 ന് സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം തലവൻ സർക്കാരിലേക്കും, റേഞ്ച് ഡി.ഐ.ജി. കോഴിക്കോട് റൂറൽ എസ്. പി. എന്നിവർക്കും ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന് കാണിച്ച് നൽകിയ ജാഗ്രതാ മുന്നറിയിപ്പ് ഫലപ്രദമായി നടപ്പാക്കുന്നതിൽ സർക്കാർ കാട്ടിയ നിരുത്തരവാദപരമായ സമീപനമാണോ ചന്ദ്രശേഖരന് ജീവൻ നഷ്ടമാകാൻ കാരണമായതെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) 21.03.2012 -ൽ സർക്കാരിലേക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിരുന്നില്ല. റേഞ്ച് ഡി.ഐ.ജി., കോഴിക്കോട് റൂറൽ എസ്. പി. എന്നിവർക്കാണ് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്.പോലീസ് സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി ജില്ലാപോലീസ് മേധാവി ചന്ദ്രശേഖരനെ നേരിട്ട് ബോദ്ധ്യപ്പെടുത്തിയിരുന്നു. എന്നാൽ തനിക്ക് പോലീസ് സംരക്ഷണം ആവശ്യമില്ലായെന്ന് അറിയിച്ചതിനാലാണ് ചന്ദ്രശേഖരന് പോലീസ് സംരക്ഷണം നൽകാതിരുന്നത്. |
| ബി) എങ്കിൽ എന്തെല്ലാം പാളിച്ചകളാണ് സർക്കാരിനുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ